**7. മൈക്രോ ഗ്രിഡോടു കൂടിയ 4 കിലോ വാട്ട് ഈച്ചാംപെട്ടി പൈക്കോ ജല വൈദ്യുത പദ്ധതി നടപ്പിലാക്കി.**



ഇടുക്കി ജില്ലയിലെ ചിന്നാർ വന്യ ജീവി സങ്കേതത്തിനു സമീപത്തായി സ്ഥിതി ചെയ്യുന്ന മറയൂർ പ്രദേശത്തുള്ള മുതുവാൻ ട്രൈബൽ സെറ്റിൽമെന്റ് ആണ് ഈച്ചാംപെട്ടി. സർക്കാർ രേഖകൾ പ്രകാരം 43 കുടുംബങ്ങളും 200 അംഗങ്ങളും ഉള്ള ഈ പ്രദേശത്തു വൈദ്യുതി, വാർത്താവിനിമയ സൗകര്യങ്ങളോ ഒന്നും തന്നെ ഇല്ലായിരുന്നു. സംസ്ഥാനത്തിന്റെ 100 ശതമാനം വൈദ്യുതീകരണത്തിനായി ഗവൺമെന്റ് മുൻകൈയെടുക്കുന്നതിന്റെ ഭാഗമായി ഇ എം സി ഈ പദ്ധതി ഏറ്റെടുത്തു നടപ്പിലാക്കി . 43 വീടുകളുടെ വൈദ്യുതീകരണത്തിനു പുറമെ പ്രദേശത്തുള്ള സ്കൂൾ, അങ്കൻവാടി, ക്ഷേത്രം, 14 സ്ട്രീറ്റ് ലൈറ്റ് എന്നിവ വൈദ്യുതീകരിച്ചു. 18.01.2018 ന് ഈ പദ്ധതി കമ്മീഷൻ ചെയ്തു.